# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 411      29.06.2016-ൽ മറുപടിയ്ക്ക്

## ബേപ്പൂർ മണ്ഡലത്തിലെ വൈദ്യുതി പ്രോജക്ടുകൾ

| ചോദ്യം<br>ശ്രീ. വി. കെ. സി. മമ്മത് കോയ : | | ഉത്തരം<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ബേപ്പൂർ നിയോജക മണ്ഡലത്തിലെ ഫറോക്ക് നല്ലൂരിൽ സ്ഥാപിക്കുന്ന 33 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തി എത്രത്തോളമായെന്ന് വ്യക്തമാക്കുമോ ; ഇത് എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ; | (എ) | ബേപ്പൂർ നിയോജക മണ്ഡലത്തിലെ നല്ലൂരിൽ സ്ഥാപിക്കുന്ന ഫറോക്ക് 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്. ജൂലൈ അവസാനത്തോടെ കമ്മീഷൻ ചെയ്യാനാവുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ നല്ലളം കിഴവന പാടത്ത് വീടുകൾക്ക് അപകടകരമായ നിലയിലുള്ള 110 കെ. വി. ടവർ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി എത്രത്തോളമായെന്ന് വ്യക്തമാക്കുമോ ; ഇതിന്റെ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (ബി) | നല്ലളം കിഴവന പാടത്ത് 110 കെ.വി ലൈനിന്റെ ചുവട്ടിൽ മണ്ണിട്ട് ഉയർത്തി വീടുകൾ നിർമ്മിച്ചതുമൂലം ഉണ്ടായ അപകടാവസ്ഥ ഒഴിവാക്കുന്നതിനായി പ്രസ്തുത ലൈനിൽ ഒരു പുതിയ ടവർ സ്ഥാപിക്കുന്നതിനായി 12.05.2014-ൽ വർക്ക് ഓർഡർ നൽകി ജോലി ആരംഭിച്ചുവെങ്കിലും ടവറിന്റെ ഒരു കാൽ സ്ഥാപിക്കേണ്ട സ്ഥലത്തിന്റെ ഉടമ ശ്രീ. മുഹമ്മദ് ഷാഫി എന്നയാളുടെ എതിർപ്പുമൂലം ജോലികൾ നിറുത്തിവച്ച് ബഹുമാനപ്പെട്ട കോഴിക്കോട് ജില്ലാ അഡീഷണൽ മജിസ്ട്രേറ്റ് കോടതിയെ സമീപിക്കുകയും ബഹുമാനപ്പെട്ട കോടതി 14.09.2015-ൽ ടവർ സ്ഥാപിക്കുന്നതിന് അനുമതി നൽകുകയും ചെയ്തു. എന്നാൽ സാധന |

വിലയിലും പണിക്കൂലിയിലും ഉണ്ടായ കാര്യമായ വർദ്ധനവ് കാരണം ജോലി ഏറ്റെടുത്തിരുന്ന കോൺട്രാക്ടർ പിൻമാറിയതിനാൽ പുതിയ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ വർഷം നവംബർ മാസത്തോടെ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ബേപ്പൂർ നടുവട്ടം കൽകുന്നത്ത് പ്രദേശത്തെ വോൾട്ടേജ് ക്ഷാമം സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ സ്വീകരിക്കുമോ ?

(സി) ഉണ്ട്. ഇത് പരിഹരിക്കുന്നതിന് 450 മീറ്റർ 11 കെ.വി ലൈൻ വലിച്ച് ഒരു 100 കെ.വി.എ ട്രാൻസ്ഫോർമർ സ്ഥാപിച്ച് 2016 ഫെബ്രുവരിയിൽ ചാർജ്ജ് ചെയ്തിട്ടുണ്ട്.

Hemalatha

**സെക്ഷൻ ഓഫീസർ**